## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4050. 24.08.2017 -ലെ മറുപടിക്ക്.

**തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ**

ചോദ്യം | മറുപടി

**ശ്രീ. സി.കൃഷ്ണൻ**
**ശ്രീ. പി.കെ. ശശി**
**ശ്രീ. ആർ. രാജേഷ്**
**ശ്രീ. സി.കെ.ഹരീന്ദ്രൻ :**

**ശ്രീ. ടി.പി.രാമകൃഷ്ണൻ**
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് തൊഴിൽ വകുപ്പിന് കീഴിൽ 16 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 75 ലക്ഷത്തോളം തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. തൊഴിലാളികളുടെ ദ്വയാംഗത്വം കണ്ടുപിടിക്കുന്നതിനും, ആനുകൂല്യ വിതരണം സുതാര്യമാക്കുന്നതിനും എല്ലാ ബോർഡുകളിലും കമ്പ്യൂട്ടറൈസേഷനും, ഡിജിറ്റൈസേഷനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങളായ തൊഴിലാളികളുടെ വ്യക്തിഗതവിവരങ്ങൾ അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫെയ്സ് സിസ്റ്റം (AIIS) എന്ന സോഫ്റ്റ് വെയർ മുഖേന ഡിജിറ്റൈസ് ചെയ്തുവരികയാണ്. ഇൻഫർമേഷൻ കേരള മിഷന്റെ **"സേവന"** സോഫ്റ്റ് വെയർ മുഖേന ക്ഷേമനിധി ബോർഡുകളിലെ പെൻഷനേഴ്സിന്റെ വിവരങ്ങൾ അപ് ലോഡ് ചെയ്തിട്ടുണ്ട്. ക്ഷേമനിധി ബോർഡുകളുടെ ദൈനംദിന പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനായി എല്ലാ ക്ഷേമനിധി ബോർഡുകൾക്കും ഏകീകൃതമായ ഒരു സോഫ്റ്റ് വെയർ |

| | | | |
|---|---|---|---|
| | | | വാങ്ങുന്നതിന് ഐ.ടി. മിഷനെ ചുമതലപ്പെടുത്തുന്ന നടപടി സ്വീകരിച്ചുവരുന്നു. വിവിധ ക്ഷേമനിധി ബോർഡുകളുടെ അംശദായവും ആനുകൂല്യങ്ങളും വർദ്ധിപ്പിക്കുന്നതിനും സമാന സ്വഭാവമുള്ള ബോർഡുകളും, സ്കീമുകളും ഏകീകരിക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ക്ഷേമനിധി അംഗങ്ങൾക്ക് ലഭ്യമായിരുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ടോ;വിശദാംശം നൽകുമോ; | (ബി) | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ മരണാനന്തര ആനുകൂല്യം 10,000/- രൂപയിൽ നിന്നും 25,000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും നൽകിവരുന്ന ചികിൽസാ ധനസഹായം 1000/- രൂപയിൽ നിന്ന് 2500/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ പെൺമക്കളുടെ വിവാഹ ധനസഹായമായി നൽകിവരുന്ന തുക 1000/- രൂപയിൽ നിന്നും 5000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ ബോർഡിൽ നിന്നും നൽകിവരുന്ന വിവിധ സ്കോളർഷിപ്പുകളും വർദ്ധിപ്പിച്ചിട്ടുണ്ട്. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിലെ ആനുകൂല്യങ്ങൾ കഴിഞ്ഞ വർഷം 13% മുതൽ 150% വരെ വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. കൂടാതെ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്,കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് ക്ഷേമനിധി ബോർഡ്,കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്,കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്,കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ ബോർഡുകളിലെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ എല്ലാ ക്ഷേമനിധി പെൻഷനുകളും 2017 ഏപ്രിൽ മുതൽ 1100/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കേരള കെട്ടിട നിർമ്മാണ |

| | | | |
|---|---|---|---|
| | | | തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്,കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ്,കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ ബോർഡുകളിലെ വർദ്ധിപ്പിച്ച ആനുകൂല്യങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (സി) | മുൻ സർക്കാരിന്റെ കാലത്ത് കുടിശ്ശികയാക്കിയ ആനുകൂല്യ ങ്ങൾ വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ടോ; | (സി) | കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്,കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്,കേരള ബീഡി ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ്,കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്,കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്,കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് ക്ഷേമനിധി ബോർഡ്, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്,കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ ബോർഡുകളിൽ കുടിശ്ശികയായിരുന്ന ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്,കേരള തൊഴിലാളി ക്ഷേമനിധി ബോർഡ്,കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡ് എന്നീ ബോർഡുകളിൽ കുടിശ്ശിക തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ പെൻഷൻ ഒഴികെയുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ക്ഷേമപെൻഷൻ കുടിശ്ശിക യില്ലാതെ നൽകിയിട്ടുണ്ട്. റിലീഫ് ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ വിവിധ ആനുകൂല്യങ്ങൾ നൽകുന്നതിനായി 290 കോടി രൂപ കുടിശ്ശികയുണ്ട്. 2017-18 |

| | | | |
|---|---|---|---|
| | | | സാമ്പത്തിക വർഷത്തെ ഉപധനാഭ്യാർത്ഥന പ്രകാരം ആനുകൂല്യ വിതരണത്തിനായി 30 കോടി രൂപ ബോർഡിന് അനുവദിച്ച് നൽകിയിട്ടുണ്ട്. എല്ലാ ക്ഷേമനിധി ബോർഡുകളിലും 2017 ഓഗസ്റ്റ് മാസം വരെ പെൻഷൻ വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | ബോർഡുകളുടെ പ്രവർത്തനം ആധുനികവൽക്കരിക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ? | (ഡി) | എല്ലാ ക്ഷേമനിധി ബോർഡുകളിലും കമ്പ്യൂട്ടറൈസേഷൻ നടത്തിവരുകയാണ്. ബോർഡുകളിലെ അംഗങ്ങളുടെ രജിസ്ട്രേഷൻ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. ഇതുവഴി അംശാദായം നേരിട്ട് ഓഫീസുകളിലെത്തി അടയ്ക്കുന്നതിന് പകരം എൻ.ഇ.എഫ്.ടി. സൗകര്യമുള്ള ബാങ്ക് വഴി അടയ്ക്കാവുന്നതാണ്. പെൻഷൻ ആധാറുമായി ലിങ്ക് ചെയ്ത് പരിശോധിക്കുന്നതിന് സേവന സോഫ്റ്റ് വെയർ ഉപയോഗിക്കുന്നുണ്ട്. പെൻഷൻ ഉൾപ്പെടെയുള്ള എല്ലാവിധ ആനുകൂല്യങ്ങളും ബാങ്ക് വഴി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ക്ഷേമനിധി ബോർഡുകളുടെ ദൈനംദിന പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന്റെ ഭാഗമായി എല്ലാ ബോർഡുകൾക്കും വേണ്ടി പൊതുവായ ഒരു സോഫ്റ്റ് വെയർ രൂപകൽപ്പന ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

അനുബന്ധം

## വിവിധ ക്ഷേമനിധി ബോർഡുകളിലെ വർദ്ധിപ്പിച്ച ആനുകൂല്യങ്ങൾ

### കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ്

| ക്രമ നമ്പർ | ആനുകൂല്യങ്ങൾ | പുതിയ നിരക്ക് | (പഴയനിരക്ക്) |
|---|---|---|---|
| 1. | ഡെത്ത് എക്സ്ഗ്രേഷ്യ (മരണാനന്തര സഹായം) | 10,000/- രൂപ | 5,000/- രൂപ |
| 2. | മരണാനന്തര ആശ്വാസ ധനസഹായം | 7,500/- രൂപ | 4,500/- രൂപ |
| 3. | ഫാമിലി പ്ലാനിംഗ് (തൊഴിലാളിക്കും, ഭാര്യക്കും) | 5,000/- രൂപ | 1,650/- രൂപ, 1250/- രൂപ |
| 4. | വിദ്യാഭ്യാസ ധനസഹായം | 1,000/- രൂപ | 750/- രൂപ |
| 5. | അവാർഡ് ഓഫ് സ്കോളർഷിപ്പ് | | |
| | 1) 5- ക്ലാസ് മുതൽ 9- ക്ലാസ് വരെ | 250/- രൂപ | 150/- രൂപ |
| | 2) 8, 9, ക്ലാസുകളിൽ 60% -ൽ കൂടുതൽ മാർക്ക് വാങ്ങുന്ന കുട്ടികൾക്ക് | 300/- രൂപ | 200/- രൂപ |
| | 3) 10-ക്ലാസ് പാസ്സായ കുട്ടികൾക്ക് ഗ്രേഡ് ക്രമത്തിൽ | 1,000/-രൂപ<br>800/- രൂപ<br>700/- രൂപ<br>500/- രൂപ | 600/- രൂപ<br>500/- രൂപ<br>350/- രൂപ<br>250/- രൂപ |
| | 4) എംബിബിഎസ്,എഞ്ചിനിയറിംഗ്, ബിഡിഎസ്, വെറ്റിനറി, ആയുർവേദം | 4,000/- രൂപ | 3,000/- രൂപ |
| 6. | പ്രതിമാസ സ്കോളർഷിപ്പ് | 300/- രൂപ | 250/- രൂപ |
| 7. | വിവിധോദ്ദേശ വായ്പ (പ്രതിമാസ വരുമാനത്തിന്റെയും ടിബിപിഎഫ് –ന്റ് റേയും അടിസ്ഥാനത്തിൽ) | 1,00,000/- രൂപ | 50,000/- രൂപ |

### കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്

| ക്രമ നമ്പർ | ആനുകൂല്യങ്ങൾ | ആനുകൂല്യയിനത്തിൽ നൽകിയിരുന്ന തുക | 01/01/2016 മുതൽ വർദ്ധിപ്പിച്ച തുക |
|---|---|---|---|
| 1 | വിവാഹധനസഹായം | 10000/- രൂപ വീതം (പരമാവധി 2 പെൺ മക്കൾക്ക്) | 20000/- രൂപ വീതം (പരമാവധി 2 പെൺമക്കൾക്ക്) |
| 2 | ചികിൽസാധനസഹായം | 50000/- രൂപ (കുറഞ്ഞത് 3 വർഷം സർവ്വീസ്) | 50000/- രൂപ ( കുറഞ്ഞത് 2 വർഷം സർവ്വീസ്) |
| 3 | മരണാനന്തരധനസഹായം | 100000/-രൂപ | 150000/-രൂപ |
| 4 | സ്വാഭാവിക മരണാനന്തര ധനസഹായം | 25000/-രൂപ | 50000/-രൂപ |
| 5 | സ്ക്കോളർഷിപ്പ് | VIII -ാം ക്ലാസ് മുതൽ പ്രൊഫഷണൽ ഡിഗ്രി കോഴ്സ് വരെ 300/- രൂപ മുതൽ 4500/- വരെ കോഴ്സുകൾക്ക് അനുസരിച്ച് പ്രതിവർഷം നൽകുന്നു. | VIII -ാം ക്ലാസ് മുതൽ പ്രൊഫഷണൽ ഡിഗ്രി കോഴ്സ് വരെ 500/- രൂപ മുതൽ 7500/- വരെ കോഴ്സുകൾക്ക് അനുസരിച്ച് പ്രതിവർഷം നൽകുന്നു. |

## കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്

- നിലവിലുള്ള ഇൻഷുറൻസ് തുക 01.01.18 മുതൽ നടപ്പിലാക്കുന്ന ഇൻഷുറൻസ് പദ്ധതിയിൽ 20% വർദ്ധിപ്പിക്കുന്നതിനും (നിലവിൽ അപകടമരണത്തിൽപ്പെടുന്ന തൊഴിലാളിയുടെ നോമിനിക്ക് 5 ലക്ഷം രൂപ) അപകടത്തിലൂടെ തുടർചികിത്സ ആവശ്യമായി വരുന്ന തൊഴിലാളികൾക്ക് ഇൻഷുറൻസ് തുകയ്ക്ക് തുല്യമായ തുക 105 ആഴ്ച വീതിച്ച് ചികിത്സാ ധനസഹായം നൽകുന്ന ആനുകൂല്യം കൂടി ഉൾപ്പെടുത്തിയുള്ള പദ്ധതിക്ക് സർക്കാർ അംഗീകാരം ലഭിച്ചിട്ടുണ്ട്
- മരണപ്പെടുന്ന തൊഴിലാളിയുടെ പെൺമക്കളുടെ വിവാഹത്തിന് 2 ലക്ഷം രൂപ ധനസഹായം. ടി പദ്ധതിക്ക് സർക്കാർ അംഗീകാരം ലഭിച്ചിട്ടുണ്ട്
- ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്ത തൊഴിലാളിയുടെ വിവാഹത്തിന് 40,000/- രൂപ ധനസഹായം. കൂടാതെ തൊഴിലാളിയുടെ പെൺമക്കളുടെ വിവാഹത്തിന് 40,000/- രൂപ ധനസഹായം. ടി പദ്ധതിയ്ക്ക് സർക്കാർ അംഗീകാരം ലഭിച്ചിട്ടുണ്ട്
- ഓരോ സാമ്പത്തിക വർഷത്തിലും പ്രായാധിക്യം മൂലം പിരിയുന്ന തൊഴിലാളികളിൽ ഓരോ ജില്ലയിലും ഏറ്റവും കൂടുതൽ സർവ്വീസുള്ള തൊഴിലാളിക്ക് 50,000/- രൂപ പാരിതോഷികം. ടി പദ്ധതിയ്ക്ക് സർക്കാർ അംഗീകാരം ലഭിച്ചിട്ടുണ്ട്
- ഓരോ സാമ്പത്തിക വർഷത്തിലും ജില്ലാടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ കള്ള് അളക്കുന്ന പന ചെത്ത് തൊഴിലാളിയ്ക്കും തെങ്ങ് ചെത്ത് തൊഴിലാളിയ്ക്കും 50,000/- രൂപ വീതം പാരിതോഷികം. ടി പദ്ധതിയ്ക്ക് സർക്കാർ അംഗീകാരം ലഭിച്ചിട്ടുണ്ട്
- എല്ലാ തൊഴിലാളികളെയും സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ അംഗമാക്കൽ. ടി പദ്ധതിയ്ക്ക് സർക്കാർ അംഗീകാരം ലഭിച്ചിട്ടുണ്ട്
- ചികിത്സാ ധനസഹായം നൽകുന്ന രോഗങ്ങളുടെ പട്ടികയിൽ പക്ഷാഘാതം ഉൾപ്പെടുത്തുന്നതിനും സർക്കാർ അംഗീകാരം ലഭിച്ചിട്ടുണ്ട്

## കേരള കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ്

കേരള സർക്കാരിന്റെ 22-12-2015 ലെ സ.ഉ (എം.എസ്) നം.202/2015/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ബോർഡിൽനിന്നും നൽകിവരുന്ന അപകട ചികിത്സാ ധനസഹായം ആദ്യത്തെ 5 ദിവസത്തേക്ക് 500/- രൂപയിൽ നിന്നും 750/- രൂപയാക്കി ഉയർത്തുവാനും തുടർന്നുള്ള ഓരോ ദിവസത്തേക്കും നിലവിൽ നൽകി വരുന്ന 70/- രൂപയ്ക്ക് പകരം 100/- രൂപയാക്കുവാനും പരമാവധി തുക 20,000/- രൂപയായി നിജപ്പെടുത്തുവാനും, ബോർഡിലെ അംഗതൊഴിലാളി മരണപ്പെട്ടാൽ ആശ്രിതർക്ക് മരണാനന്തര ധന സഹായമായി നൽകിവരുന്ന 15,000/- രൂപ 25,000/- രൂപയാക്കി വർദ്ധിപ്പിക്കുന്നതിനും ബോർഡിലെ അംഗ തൊഴിലാളി അപകടത്തിൽ മരണപ്പെട്ടാൽ അപകട മരണാനന്തര ധനസഹായമായി ഇപ്പോൾ നൽകി വരുന്ന 2,00,000/- രൂപ 3,00,000/-രൂപയായി വർദ്ധിപ്പിക്കുവാനും പെൻഷണറായ തൊഴിലാളി മരണമടഞ്ഞാൽ ആശ്രിതർക്ക് മരണാനന്തര ചിലവുകൾക്കുള്ള ധനസഹായമായി 2000/- രൂപ നൽകുവാനും, വിവാഹ ധനസഹായമായി ആൺമക്കൾക്ക് നൽകി വന്നിരുന്ന 2,500/-

രൂപയും പെൺമക്കൾക്ക് നൽകിവന്നിരുന്ന 3,000/- രൂപയും ഏകീകരിച്ച് 10,000/-രൂപയായി വർദ്ധിപ്പി ക്കുവാനും, മാരകരോഗ ചികിത്സയ് ക്കായി ഇപ്പോൾ നൽകിവരുന്ന ധനസഹായമായ 22,000/-രൂപ 50,000/- രൂപയായി വർദ്ധി പ്പിക്കുവാനും, ബോർഡ് നൽകിവരുന്ന വിവിധ സ്കോളർഷിപ്പ് ആനുകൂല്യങ്ങളിൽ എസ്.എസ്. എൽ.സി കഴിഞ്ഞുള്ള സർട്ടിഫിക്കറ്റ് കോഴ്സു കൾക്ക് ചേരുന്ന വിദ്യാർത്ഥികൾക്ക് നിലവിലുള്ള സ്കോളർഷിപ്പ് 750/-രൂപയിൽ നിന്നും 1000/-രൂപയായി വർദ്ധിപ്പിക്കുവാനും ഡിപ്ലോമാ കോഴ്സുകൾക്ക് നിലവിലുള്ള 1000/-രൂപയിൽ നിന്നും 1250/- രൂപയായി വർദ്ധിപ്പിക്കുവാനും ഡിഗ്രി കോഴ്സുകൾക്ക് നിലവിലുള്ള 1000/-രൂപ 1250/-രൂപയായി വർദ്ധിപ്പിക്കുന്നതിനും പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകൾക്ക് നിലവിലുള്ള 1250/-രൂപയും 1500/- രൂപ ആയി വർദ്ധിപ്പിക്കുന്നതിനും ജനറൽ നഴ്സിംഗ് കോഴ്സിന് നിലവിലുള്ള 1200/- രൂപ 1500/-രൂപയായി വർദ്ധിപ്പിക്കുന്നതിനും, ബി.എസ്.സി നഴ്സിംഗ് കോഴ്സിന് നിലവിലുള്ള 1200/- രൂപ 2000/-രൂപയായി വർദ്ധിപ്പി ക്കുന്നതിനും, പാരാമെഡിക്കൽ കോഴ്സുകൾക്ക് 1800/-2000/- രൂപയായി വർദ്ധിപ്പിക്കുന്നതിനും പ്രൊഫഷണൽ കോഴ്സുകൾക്ക് നിലവിലുള്ള 2500/- രൂപ 3000/-രൂപയായി വർദ്ധിപ്പിച്ചും ഉത്തരവായിട്ടുണ്ട്. കൂടാതെ 30-08-2016 തീയതിയിലെ സ.ഉ(എം.എസ്)നം.147/2016/തൊഴിൽ നമ്പർ ഉത്തരവു പ്രകാരം എസ്.എസ്.എൽ.സി പഠന സഹായം ഉത്തരവ് തീയതി മുതൽ 400/-രൂപയിൽ നിന്നും 1000/-രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്

സെക്ഷൻ ഓഫീസർ